
# വിജ്ഞാനവും വിസ്മയവുമേകാൻ ഹോളി ഖുർആൻ പാർക്ക്

**ദുബൈ:** ഖുർആനിന്റെ വിജ്ഞാനത്തിലേക്കും വിസ്മയത്തിലേക്കും സന്ദർശകരെ കൂട്ടിക്കൊണ്ടുപോകുന്ന ഹോളി ഖുർആൻ പാർക്ക് ദുബൈയിൽ യാഥാർഥ്യമാകുന്നു. അൽ ഖവനീജിൽ 60 ഹെക്ടർ സ്ഥലത്ത് 2.7 കോടി ദിർഹം ചെലവഴിച്ചാണ് പാർക്ക് നിർമിക്കുക. ഖുർആനിൽ പരാമർശിച്ച സസ്യങ്ങൾ ഇവിടെ വെച്ചുപിടിപ്പിക്കും. വിശുദ്ധ ഖുർആനിൽ പരാമർശിച്ചിരിക്കുന്ന അത്ഭുതങ്ങൾ പ്രദർശിപ്പിക്കുന്ന ശീതീകരിച്ച ടണൽ ആണ് മറ്റൊരു പ്രത്യേകത. ഇതിനായി ചിത്രങ്ങളും ശബ്ദ സംവിധാനവും സജ്ജീകരിക്കും. ദുബൈ മുനിസിപ്പാലിറ്റി ജനറൽ പ്രോജക്ട്സ് വിഭാഗമാണ് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. അടുത്ത വർഷം സെപ്റ്റംബറിൽ പാർക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

ഖുർആനിൽ 54 തരം സസ്യങ്ങളെ കുറിച്ചാണ് പരാമർശിക്കുന്നത്. ഇതിൽ ഒലീവ്, ചോളം, വെളുത്തുള്ളി, സവാള, ബാർലി, ഗോതമ്പ്, ഇഞ്ചി, മത്തങ്ങ, തണ്ണിമത്തൻ, ഏത്തപ്പഴം, കുക്കുംബർ തുടങ്ങി 35 ഇനം പാർക്കിൽ വെച്ചുപിടിപ്പിക്കുമെന്ന് ജനറൽ പ്രോജക്ട്സ് വിഭാഗം ഡയറക്ടർ മുഹമ്മദ് നൂർ മശ്റൂം പറഞ്ഞു. ഇതിൽ 15 ഇനങ്ങൾ ഗ്രീൻ ഹൗസുകളിലും ബാക്കി തുറസ്സായ സ്ഥലത്തുമാണ് നടുക. ഖുർആനെ കുറിച്ചും അതിലെ വിസ്മയങ്ങളെ കുറിച്ചും ജനങ്ങളെ ബോധവത്കരിക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി. ഈ സസ്യങ്ങളെല്ലാം എന്തുകൊണ്ടാണ് ഖുർആനിൽ പരാമർശിക്കപ്പെട്ടത് എന്ന് സന്ദർശകർക്ക് മനസിലാക്കാൻ സാധിക്കും വിധമാണ് ഇവ പ്രദർശിപ്പിക്കുക. സ്കൂൾ കുട്ടികളെയും ധാരാളമായി പ്രതീക്ഷിക്കുന്നുണ്ട്.

ഉംറ കോർണർ, ഔട്ട്സൈഡ് തീയറ്റർ, ജലധാരകൾ, ഡെസേർട്ട് ഗാർഡൻ, റണ്ണിംഗ്-സൈക്കിളിംഗ്-സാൻഡി വാക്കിംഗ് ട്രാക്കുകൾ, പാം ഒയാസിസ്, തടാകം, ആകർഷകമായ പ്രവേശന കവാടം, അഡ്മിനിസ്ട്രേഷൻ ഓഫീസ് കെട്ടിടം, കുട്ടികളുടെ കളിസ്ഥലങ്ങൾ, തിയറ്റർ, ബാത്റൂമുകൾ, ഗ്ലാസ് കെട്ടിടം എന്നിവയുമുണ്ടായിരിക്കും.

ട്രാക്കുകളുടെയും സർവീസ് കെട്ടിടങ്ങളുടെയും നിർമാണവും ഇതിനകം പൂർത്തിയായി. രണ്ടാംഘട്ട നിർമാണ പ്രവർത്തനം അടുത്ത മാസം ആരംഭിച്ച് 2014 ജൂലൈയിലും മൂന്നാം ഘട്ടം 2014 ആഗസ്റ്റിൽ ആരംഭിച്ച് സെപ്തംബറിലും പൂർത്തിയാക്കുമെന്ന് അദ്ദേഹം പറഞ്ഞു.



*ഖുർആനിൽ പരാമർശിച്ചിരിക്കുന്ന അത്ഭുതങ്ങൾ പ്രദർശിപ്പിക്കുന്ന ശീതീകരിച്ച ടണൽ ചിത്രകാരന്റെ ഭാവനയിൽ.*

## അധ്യാപക പരിശീലനം


**റിയാദ്:** മജ്ലിസുത്തഅ്ലീമിൽ ഇസ്ലാമി കേരളയുടെ പാഠ്യപദ്ധതിയനുസരിച്ച് റിയാദിൽ നടക്കുന്ന വിവിധ മദ്രസകളിലെ അധ്യാപകർക്കായി തനിമ റിയാദ് ഘടകം പരിശീലനം സംഘടിപ്പിച്ചു. കേരളത്തിൽ നിന്നെത്തിയ പരിശീലകർ നടത്തിയ പണിപ്പുരയിൽ എട്ട് മദ്റസകളിൽ നിന്നായി അമ്പതിലധികം അധ്യാപകർ സംബന്ധിച്ചു. മജ്ലിസ് പരിശീലകനും സ്കൂൾ അധ്യാപകനുമായ ഹസൻ കോയ ദേവതിയാൽ, മലപ്പുറം കോളജ് അറബിക് വിഭാഗം മേധാവിയും മജ്ലിസ് പാഠ്യപദ്ധതി രൂപീകരണ അംഗവുമായ പ്രഫസർ അബ്ദുല്ലത്വീഫ് എന്നിവരാണ് ത്രിദിന പരിശീലനത്തിന് നേതൃത്വം നൽകിയത്. പരിശുദ്ധ ഖുർആന്റെയും പ്രവാചക മാതൃകയുടെയും വെളിച്ചത്തിൽ നല്ല അധ്യാപകനെയും സമൂഹസൃഷ്ടിക്ക് ഉപകരിക്കുന്ന വിദ്യാർഥിയെയും എങ്ങനെ വാർത്തെടുക്കാമെന്ന് തെളിവുകളുടെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ പരിശീലകർ വിശദീകരിച്ചു.

സമാപന ചടങ്ങിൽ *ഗൾഫ് മാധ്യമം* ചീഫ് എഡിറ്റർ വി.കെ ഹംസ അബ്ബാസ് മുഖ്യ പ്രഭാഷകനായിരുന്നു. അധ്യാപകനും വിദ്യാർഥിയും തമ്മിലുണ്ടാവേണ്ട ഊഷ്മള മാനസിക ബന്ധത്തെക്കുറിച്ച് ശാന്തപുരം ഇസ്ലാമിയ കോളജിലെ പഠനാനുഭവത്തിലൂടെ അദ്ദേഹം വിശദീകരിച്ചു. പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകർക്കുള്ള സർട്ടിഫിക്കറ്റുകൾ ഹംസ അബ്ബാസ് വിതരണം ചെയ്തു. സുൗദി മദ്റസ കോഡിനേറ്റർ ഉമർ മാസ്റ്റർ, റിയാദ് മദ്റസ ബോർഡ് തലവൻ എ. സലാഹുദ്ദീൻ, തനിമ സുൗദി വൈസ്പ്രസിഡന്റ് എസ്.എം നൗഷാദ് പരിപാടികൾ നിയന്ത്രിച്ചു.



*അധ്യാപക പരിശീലന പരിപാടിയിൽ സർട്ടിഫിക്കറ്റ് വിതരണം വി.കെ ഹംസ അബ്ബാസ് നിർവഹിക്കുന്നു.*

# ഖുർആൻ സ്റ്റഡി സെന്റർ വാർഷിക പരീക്ഷാ ഫലം പ്രഖ്യാപിച്ചു



**ജിദ്ദ:** 'പ്രകാശം എല്ലാവർക്കും' എന്ന സന്ദേശവുമായി തനിമ ജിദ്ദ സൗത്ത് സോണിന് കീഴിൽ നടന്നുവരുന്ന ഖുർആൻ സ്റ്റഡി സെന്റർ വാർഷിക പരീക്ഷാ ഫലം പ്രഖ്യാപിച്ചു. എ (ജുസുഅ് അമ്മ), ബി (സൂറഃഅൽബഖറ), സി (സൂറഃഅൽഅ്റാഫ് മുതൽ താഴോട്ട്) തലങ്ങളിലായി സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെയാണ് പരീക്ഷ നടന്നത്. ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവരുടെ പേരും സെന്ററുകളും.

പുരുഷന്മാർ: ഗ്രൂപ്പ് എ: സി.എച്ച് അഹ്മദ് റാശിദ് (ഹിലാൽ, ശറഫിയ്യ) കെ. നസ്റുല്ല (സുഊദി കേബിൾ, കിലോ-12), എ. മുഹമ്മദ് (മഹ്ജർ). ഗ്രൂപ്പ് ബി: ഹംസ എലാന്തിക്കൽ (അൽഹയാത്ത്, ശറഫിയ്യ), എൻ.കെ മുഹമ്മദ് അൻവർ (കിലോ 5, ഇമാം ബുഖാരി മദ്റസ), ഹാശിം ത്വാഹ (സനാഇയ്യ). ഗ്രൂപ്പ് സി: സാക്കിർ ഹുസൈൻ, സമീർ കോയക്കുട്ടി



(ഇരുവരും രിഹാബ് സെൻറർ), കെ. നൂറുദ്ദീൻ (ബാബ്മക്ക).

സ്ത്രീകൾ: ഗ്രൂപ്പ് എ: നിംസിയ അബ്ദുൽ അസീസ്, തസ്നി സജ്ജാദ്, നുസൈബ റാഫി (മൂവരും സഫ, ഖാലിദ്ബ്നു വലീദ്), ഗ്രൂപ്പ് ബി: മുനീറ ഹൈദർഅലി (ബഗ്ദാദിയ്യ ബറഖ, ഇമാം ബുഖാരി മദ്റസ, ശറഫിയ്യ), ബുശ്റ നാസർ, മഹ്റുന്നീസ ശാക്കിർ (ഇരുവരും ഹദ്‌യ, മദായിൻ ഫഹദ്), ഗ്രൂപ്പ് സി: സമീറ ഹസൻ, സോഫിയ ലത്വീഫ്, മുനീറ മുഹമ്മദ് (മൂവരും മർവ, അമ്മാരിയ).

പരീക്ഷക്കും ഫലപ്രഖ്യാപനത്തിനും ഖുർആൻ സ്റ്റഡി സെന്റർ അക്കാദമിക് ബോഡി മേൽനോട്ടം വഹിച്ചു. മൂന്ന് വിഭാഗത്തിലും പഠിതാക്കൾ ഉയർന്ന നിലവാരം പുലർത്തിയതായി ബോഡി അംഗങ്ങൾ വിലയിരുത്തി. തനിമ സൗത്ത്സോൺ ആക്ടിംഗ് പ്രസിഡന്റ് മൂസക്കുട്ടി വെട്ടിക്കാട്ടിരി, സെക്രട്ടറി ഇ.എസ് അബ്ദുസലാം, അക്കാദമിക് ബോഡി തലവൻ ഉണ്ണീൻ മൗലവി എന്നിവർ വിജയികളെയും അധ്യാപകരെയും അഭിനന്ദിച്ചു.

സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി കഴിവുറ്റ അധ്യാപകരുടെ നേതൃത്വത്തിൽ ജിദ്ദയുടെ വിവിധ ഭാഗങ്ങളിൽ ഖുർആൻ സ്റ്റഡി സെന്ററുകൾ നടക്കുന്നുണ്ട്. സൗജന്യമായി നടത്തുന്ന ക്ലാസുകളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ സോണൽ കോർഡിനേറ്റർ ശിഹാബുദ്ധീൻ കരുവാരക്കുണ്ടുമായി ബന്ധപ്പെടാം: 00966-530 950 364.

# സർക്കുലർ മതേതരത്വത്തോടും ഭരണഘടനയോടുമുള്ള വെല്ലുവിളി

**കുവൈത്ത്:** മുസ്‌ലിം പെൺകുട്ടികളുടെ ശിരോവസ്ത്ര ധാരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയരക്ടർ അയച്ച വിവാദ സർക്കുലർ ഇന്ത്യൻ ഭരണഘടനയോടും ജനാധിപത്യ മതേതരത്വത്തോടുമുള്ള വെല്ലുവിളിയാണ്. മതേതര പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് അവകാശപ്പെടുന്ന ഭാരതത്തിൽ ചില തൽപ്പര കക്ഷികൾക്ക്വേണ്ടി ചിലർ മതസ്വാതന്ത്ര്യം നിഷേധിക്കുന്നത് അപലപനീയമാണെന്നും ഇതിനെ ചോദ്യംചെയ്തു സമരവുമായി രംഗത്തിറങ്ങിയ സംഘടനകളെ മതമൗലികവാദികളെന്നും വർഗീയ സ്പർധ വളർത്തുന്നവരെന്നും മുദ്ര കുത്തിയ വിദ്യാഭ്യാസ ഡയരക്ടർ ബോർഡ് സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും ആത്മാഭിമാനത്തെയുമാണ് ഹനിക്കുന്നതെന്നും ഐവ (ഇസ്‌ലാമിക് വിമൻസ് അസോസിയേഷൻ) സെക്രട്ടേറിയറ്റ് അഭിപ്രായപ്പെട്ടു. യൂണിഫോമിനകത്ത് പ്രാദേശിക മതവൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ മതേതരത്വത്തിന്റെ അന്തസ്സത്ത. സിക്ക് മതവിശ്വാസികൾ തലപ്പാവ് ധരിക്കുമ്പോഴും ഹിന്ദുക്കൾ പൊട്ടുതൊടുമ്പോഴും ക്രിസ്ത്യാനികൾ കുരിശ് ധരിക്കുമ്പോഴും ഒന്നും ഒലിച്ചുപോകാത്ത മതേതരത്വം മുസ്‌ലിം പെൺകുട്ടി തലമറക്കുമ്പോൾ മാത്രം അപകടത്തിലാവുന്നത് വർഗീയ മനസ്സിനെയാണ് സൂചിപ്പിക്കുന്നത്.തല മറക്കാനുള്ള അവകാശത്തിനുവേണ്ടി പോരാടുന്ന സംഘടനകളെ ഭീകരവാദ മുദ്ര ചുമത്തി ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നത് ഭരണകൂട ഭീകരതയുടെ ഭാഗമായി മാത്രമേ കാണാനാവൂ എന്നും 'ഐവ' കുറ്റപ്പെടുത്തി.

## എഴുത്തുകാരുടെ/റിപ്പോർട്ടർമാരുടെ ശ്രദ്ധക്ക്

*പ്രബോധനം* ഇന്റർനാഷ്നലിലേക്കുള്ള ലേഖനങ്ങളും 'ഗൾഫ് വിശേഷ'ത്തിലേക്കുള്ള വാർത്തകളും താഴെ വിലാസത്തിൽ മാത്രം അയക്കുക. അയക്കുന്ന ഫോട്ടോകൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ കാപ്ഷൻ നൽകിയിരിക്കണം

**editorprabodhanam@gmail.com**

-എഡിറ്റർ